

# Evening Prayer

## Salette Malayali Community Orthodox Prayers

# സന്ധ്യാ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ, തനിക്ക് സ്തുതി. നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉായിരിക്കട്ടെ. ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊ് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു, ഉയരങ്ങളിൽ സ്തുതി.

ദൈവമേ! നീ പരിശുദ്ധനാകുന്നു.
ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേി കുരിശിക്കപ്പെട്ടവനേ! +
ഞങ്ങളുടെ മേൽ കരുണയുാകണമെ. (3 പ്രാവശ്യം)

## 51–ാം മസ്മൂർ

ദൈവമേ! നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യേണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചു കളയേണമെ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കേണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്തെന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊ് എന്റെ മേൽ തളിക്കേണമെ. ഞാൻ വെടിപ്പാകപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കേണമെ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊ് എന്നെ തൃപ്തിയാക്കേണമെ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്നു നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിക്കണമെ.

ദൈവമെ വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കേണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കേണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരേണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകേണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കേണമെ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കേണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെടുന്നില്ല. ഹോമ ബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യേണമെ. ഊർശ്ലേമിന്റെ മതിലുകളെ പണിയേണമെ. അപ്പോൾ നീതിയുടെ ബലികളിലും ഹോമ ബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## (140, 141, 118, 116 മസ്മൂർകൾ)

## കുറിയേലായിസോൻ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോട് ഉത്തരമരുളിച്ചെയ്യേണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ച് കേട്ട് കൈക്കൊള്ളുകയും ചെയ്യേണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിന് ചായാതെയും ഞാൻ അന്യായ ക്രിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കും അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കേണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്ക് കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ വിധികർത്താക്കൾ പാറയാൽ തടയപ്പെട്ടു. എന്റെ വചനങ്ങൾ ഇമ്പമുള്ളത് എന്നവർ കേൾക്കട്ടെ.

ഭൂമിയെ പിളർക്കുന്ന കൊഴുവുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേയ്ക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള പരിഹാസികളുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ അവരുടെ കെണികളിൽ ഒരുമിച്ച് വീഴട്ടെ.

എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വെച്ചു. ഞാൻ വലത്തോട്ട് നോക്കി എന്നെ അറിയുന്നവനില്ലെന്നു ഞാൻ കു. സങ്കേത സ്ഥലം എനിക്കില്ലാതെയായി, എന്റെ ദേഹിക്കുവേ പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും എളിമപ്പെട്ടിരിക്കുന്നതുകൊ് എന്റെ അപേക്ഷയെ സൂക്ഷിച്ച് കേൾക്കേണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊ് അവരിൽനിന്ന് എന്നെ രക്ഷിക്കേണമെ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യുവാനായിട്ട് എന്റെ പ്രാണനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കേണമെ. നീ എനിക്ക് ഉപകാരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ പ്രതീക്ഷിച്ചിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. നിന്റെ നീതിയുള്ള വിധികൾ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കേണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിന്റെ ന്യായങ്ങളിൽനിന്ന് എന്നെ പഠിപ്പിക്കേണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ട് കെണികൾ വെച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്നും മാറിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയം തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറക്മോർ.

### ദൈവമാതാവിനോട്

കന്യകയായ ദൈവമാതാവേ! എല്ലാ ഭാഗങ്ങളിൽനിന്നും ഞങ്ങൾക്ക് വന്നുകൂടുന്ന ഉപദ്രവങ്ങളെയും ഈ ലോകസമുദ്രത്തിന്റെ ഓളങ്ങളെയും ചുഴലികളെയും നീ  തടയണമെ. മാതാവേ! ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യമായ പ്രവേശനം മൂലം ദൈവം ഞങ്ങൾക്ക് കരുണയും പാപമോചനവും രോഗികൾക്ക് സൗഖ്യവും ഞെരുക്കത്തിൽ ഇരിക്കുന്നവർക്ക് ആശ്വാസവും അകലെ പോയിരിക്കുന്നവർക്ക് തിരിച്ചുവരവും നൽകുവാനായിട്ട് ഞങ്ങൾക്കുവേി അപേക്ഷിക്കണമേ.

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ കൃപ ചെയ്യണമെ
പ്രാർത്ഥന നീ കൈക്കൊള്ളണമേ
മോചനവും ദയവും വാഴ്‌വും
നിന്നറയിൽ നിന്നേകണമേ.

എന്നുടയോനേ! സന്നിധിയിൽ
നിദ്രതെളിഞ്ഞിന്നീയടിയാൻ
വന്നുണർവോടെ നിൽപ്പതിനായ്
ഉന്നതനെ നീ കൃപ ചെയ്ക

പിന്നെയുമീ നിന്നടിയാൻ ഞാൻ
നിദ്രയിലായെന്നാകിലുമേ
എന്റെയുറക്കം സന്നിധിയിൽ
പാപം കൂടാതാകണമേ

തിന്മയെ ഞാനുണർവ്വിൽ ചെയ്താൽ
നിൻ കൃപയാലതു പോക്കണമേ
നിദ്രയിൽ ഞാൻ പിഴചെയ്തെങ്കിൽ
നിൻ ദയ മോചിച്ചീടണമേ

താഴ്മയെഴും നിൻ കുരിശാലേ
നല്ലയുറക്കം നൽകണമേ
മായകൾ ദുസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതേ

ഇന്നു സമാധാനം നിറയും
നിദ്രയൊടെന്നെ കാക്കുക നീ
എന്നിലസത്തും ദുർനിനവും
വന്നധികാരം ചെയ്യരുതേ

എന്നുടയോനെ! സ്തുതി നൽകീ–
ടുന്നുനിനക്കെൻ രക്ഷകനേ
ആയിരമോടൊത്തായിരമായ്
യേശുവേ! നിന്നെ സ്തുതിപാടും

പ്രാർത്ഥനയെ കേൾക്കുന്നവനേ!
യാചനയെ നൽകുന്നവനേ!
പ്രാർത്ഥന കേട്ടീദാസരുടെ
യാചനയെ നൽകീടണമേ.

കുറിയേ... കുറിയേ.... കുറിയേ....